**Keraleeyam**

**Rs. 25/-** 2015 July/August Vol. 16 Issue 07/08

# അരുത്, അതിരപ്പിള്ളിയെ കൊല്ലരുത്

അതിരപ്പിള്ളി പദ്ധതിയുമായി മുന്നോട്ടുപോകാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം വീണ്ടും തീരുമാനിച്ചിരിക്കുന്നു. പദ്ധതിക്ക് പാരിസ്ഥിതിക അനുമതി നൽകാൻ പരിസ്ഥിതി മന്ത്രാലയ വിദഗ്ധ സമതി (ഇ.എ.സി)യാണ് ശുപാർശ ചെയ്തിരിക്കുന്നത്. പദ്ധതിക്കെതിരെ ഉയർന്ന ആരോപണങ്ങൾ അവഗണിച്ചുകൊണ്ട് പദ്ധതിയുമായി മുന്നോട്ടുപോകാമെന്നാണ് പരിസ്ഥിതി മന്ത്രാലയം കെ.എസ്.ഇ.ബിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. പദ്ധതി നടപ്പാക്കാൻ കഴിയുന്ന വിധത്തിൽ ചാലക്കുടിപുഴയിൽ നീരൊഴുക്കുണ്ടെന്ന് കഴിഞ്ഞമാസം കേന്ദ്ര ജലകമ്മീഷനും റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിരപ്പിള്ളിയിൽ വീണ്ടും ഒരു പോർമുഖം തുറക്കപ്പെട്ടിരിക്കുകയാണ്. അതിരപ്പിള്ളി പദ്ധതിക്കെതിരായ സമരം ശക്തമാക്കാനാണ് പരിസ്ഥിതി സംഘടനകളുടെ തീരുമാനം.

## നിയമപോരാട്ടങ്ങളുടെ സമീപകാല നാൾവഴികൾ

❑ 2007 ജൂലൈ 18ന് മൂന്നാമതും പദ്ധതിക്ക് പാരിസ്ഥികാനുമതി.

❑ പാരിസ്ഥിതികാനുമതിയും സാങ്കേതിക-സാമ്പത്തികാനുമതിയും ചോദ്യം ചെയ്ത് വാഴച്ചാലിലെ കാടർ ഗോത്രവിഭാഗം പ്രതിനിധി ഗീതയും മധുസൂദനനും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു.

❑ 2009 നവംബറിൽ കേസ് വാദം പൂർത്തിയാക്കി വിധി പറയാനായി വെച്ചു. പക്ഷേ 2010 ജനുവരിയിൽ ചീഫ് ജസ്റ്റിസ് വിരമിച്ചതിനാൽ വിധി വന്നില്ല.

❑ 2010 ജനുവരി 4ന് കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയം പദ്ധതിയുടെ പാരിസ്ഥിതികാനുമതി റദ്ദാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കാൻ പറഞ്ഞ് കെ. എസ്. ഇ. ബിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി. ജൈവവൈവിധ്യനാശം, ആദിവാസി പ്രശ്നം എന്നിവയാണ് ചൂണ്ടിക്കാണിച്ചത്.

❑ തുടർന്ന് കെ. എസ്. ഇ. ബി. നൽകിയ മറുപടി 2010ൽ ചേർന്ന രണ്ടോ മൂന്നോ വിദഗ്ദ്ധസമിതി മീറ്റിംഗുകളിൽ ചർച്ച ചെയ്തു. കെ. എസ്. ഇ. ബിയുടെ വാദം അവർ അംഗീകരിക്കുകയായിരുന്നു. ഇതിനിടെ വിഷയം ഗാഡ്ഗിൽ കമ്മിറ്റിയുടെ പരിഗണനക്ക് വിട്ടു. അവർ 2011 ജനുവരിയിൽ അതിരപ്പിള്ളി സന്ദർശിക്കുകയും എല്ലാ വിഭാഗം ആളുകളുമായും ചർച്ച നടത്തുകയും ചെയ്തു. പദ്ധതിക്ക് അനുമതി നൽകരുതെന്ന് അവർ ശുപാർശ ചെയ്തു.

❑ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ച കസ്തൂരിരംഗൻ കമ്മിറ്റി അതിരപ്പിള്ളി പദ്ധതിക്ക് അനുമതി നൽകുന്നുവെന്ന് നേരിട്ട് പറഞ്ഞില്ലെങ്കിലും ചില പുതിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വേണമെങ്കിൽ കേന്ദ്രഗവൺമെന്റിനെ സമീപിക്കാമെന്നു പറഞ്ഞു.

❑ 2014 ജനുവരി 9-ന് കേന്ദ്രഗവൺമെന്റ് കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ പഠനം നടത്താനാവശ്യപ്പെട്ടു. കെ. എസ്. ഇ. ബിയുടെ റിപ്പോർട്ട് 2014 ഡിസംബറിലെ വിദഗ്ദ്ധസമിതി പരിഗണിക്കുകയും പദ്ധതി യാതൊരു പാരിസ്ഥിതികപ്രശ്നവും ഉണ്ടാക്കില്ലെന്ന് വിലയിരുത്തുകയും ചെയ്തു.

❑ 2015 മെയ് 29ന് പാരിസ്ഥിതികാനുമതിയും സാങ്കേതിക-സാമ്പത്തികാനുമതിയും കാലഹരണപ്പെട്ടതിനാൽ കേസ് ഇൻഫ്രക്ചസ് ആയി എന്ന് ചൂണ്ടിക്കാണിച്ച് ഹൈക്കോടതി കേസ് തീർപ്പാക്കി.

❑ ജലലഭ്യത പരിശോധിക്കാൻ കേന്ദ്രജലകമ്മീഷനെ ചുമതലപ്പെടുത്തി. അവർ ഫെബ്രുവരിയിൽ റിപ്പോർട്ട് കൊടുത്തു. നേരത്തെ 1056 എം.സി.എം (മില്യൺ ക്യുബിക് മീറ്റേഴ്സ്) ജലമുണ്ടെന്ന് പറഞ്ഞ കമ്മീഷൻ ഇപ്പോഴും 1055 എം.സി.എം ആയാണ് നീരൊഴുക്ക് കണക്കാക്കിയത്.

❑ 2015 ജൂലൈ 20-21ലെ പരിസ്ഥിതി വിദഗ്ദ്ധസമിതി വീണ്ടും അതിരപ്പിള്ളി പദ്ധതി പരിഗണിക്കുകയും 2010 ജനുവരിയിലെ കാരണം കാണിക്കൽ നോട്ടീസ് പിൻവലിക്കാൻ ശുപാർശ നൽകുകയും ചെയ്തു.

## തീരുമാനത്തിലെ അപാകതകൾ

1. വിവിധ പരിസ്ഥിതി-സാമൂഹിക ഗ്രൂപ്പുകളിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള സബ്മിഷനുകൾ പരിഗണിച്ചിട്ടേയില്ല. അവയെക്കുറിച്ച് പരാമർശിച്ചിട്ടു പോലുമില്ല.
2. പാരിസ്ഥിതികാനുമതിയുടെ കാലാവധി കഴിഞ്ഞുവെന്ന കാര്യം പരിഗണിച്ചിട്ടില്ല.
3. വനാവകാശനിയമം പ്രകാരം ആദിവാസി വിഭാഗങ്ങളുടെ അനുമതി ലഭിച്ചിട്ടില്ലെന്നത് പരിഗണിച്ചിട്ടില്ല.
4. മുമ്പ് പാരിസ്ഥിതികാഘാത പഠനം നടത്തിയ TBGRIയിലെ ശാസ്ത്രജ്ഞരുടെ വാക്കുകൾ മാത്രം മുഖവിലയ്ക്കെടുത്താണ് പരിസ്ഥിതിപ്രശ്നം ഇല്ലെന്ന് പറഞ്ഞിരിക്കുന്നത്. നാല് തരത്തിലുള്ള വേഴാമ്പലുകൾ ദക്ഷിണ പശ്ചിമഘട്ടത്തിലെല്ലാമുണ്ടെന്നുള്ള ശുദ്ധമണ്ടത്തരമൊക്കെയാണ് കമ്മിറ്റി മിനിട്ട്സിൽ പറഞ്ഞിരിക്കുന്നത്.
5. പദ്ധതി വന്നാലും പുഴയിലെ നീരൊഴുക്കിൽ യാതൊരു മാറ്റവുമുണ്ടാകില്ലെന്ന കെ. എസ്. ഇ. ബിയുടെ നുണ അടിസ്ഥാനപ്പെടുത്തിയാണ് വെള്ളച്ചാട്ടം, ജലസേചനം തുടങ്ങിയവയെ ബാധിക്കില്ലെന്ന് വിദഗ്ദ്ധസമിതി വിലയിരുത്തിയിരിക്കുന്നത്. അങ്ങനെയല്ലെന്ന് തെളിയിക്കുന്ന വിവരങ്ങൾ സമിതിക്ക് അയച്ചിരുന്നുവെങ്കിലും അത് കണ്ടതായി പോലും ഭാവിച്ചിട്ടില്ല.

*ബന്ധങ്ങൾക്ക്: 9249898773*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com